നിരൂപണം

# ജമാഅത്ത് നിരൂപകർ കാണാതെ പോകുന്നത്

ടി. മുഹമ്മദ് വേളം

സോളിഡാരിറ്റി ഒരു നവ സാമൂഹിക പ്രസ്ഥാനമോ അതിന്റെ അജണ്ടയിലേക്ക് സ്വയം ക്രമീകരിച്ച പ്രസ്ഥാനമോ അല്ല. അതൊരിക്കലും അത്തരത്തിൽ അതിനെ സ്വയം പരിചയപ്പെടുത്തിയിട്ടില്ല. നവ സാമൂഹിക പ്രസ്ഥാനങ്ങൾ തെരഞ്ഞെടുപ്പിലും കക്ഷിരാഷ്ട്രീയ വ്യവഹാരത്തിലും ഇടപെടാതിരുന്ന പോയ കാലത്തും സോളിഡാരിറ്റിയും അതിന്റെ മാതൃസംഘടനയും ഈ കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്.

**വിമർശകരെ** നിങ്ങളുടെ വീടിനുമുന്നിൽ കുടിൽകെട്ടി താമസിപ്പിക്കുക എന്നുപറഞ്ഞത് ഭക്തകവി കബീർദാസാണെന്ന് തോന്നുന്നു. സ്വന്തം നയത്തെയും സമീപനത്തെയും കുറിച്ച് നിരന്തരം ആലോചനയും പുനരാലോചനയും നടത്തുന്ന ഒരു പ്രസ്ഥാനമെന്ന നിലക്ക് ജമാഅത്തെ ഇസ്‌ലാമിക്ക് നിരൂപകരും വിമർശകരും അതിന്റെ ഒരു വലിയ സമ്പത്താണ്. എല്ലാ വിമർശനങ്ങളോടും സംവാദാത്മകമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് അത് ഇന്നുകാണുന്ന സമ്പന്നത ആർജിച്ചെടുത്തത്. ജമാഅത്ത് വിമർശകർ ജമാഅത്തെ ഇസ്‌ലാമിയുടെ ആദരണീയ പ്രതിപക്ഷമാണ്. ജമാഅത്തെ ഇസ്‌ലാമിയുടെ അസ്തിത്വത്തെയും അടിസ്ഥാനങ്ങളെയും മാനിച്ചുകൊണ്ടുള്ള വിമർശനങ്ങൾ പ്രത്യേകിച്ചും.

കഴിഞ്ഞ ലോക്‌സഭാ തെരഞ്ഞെടുപ്പിലെ ജമാഅത്ത് നയത്തെ വിമർശനവിധേയമാക്കുന്ന എ.പി. കുഞ്ഞാമുവിന്റെ ലേഖനം (*ശബാബ്* വാരിക 2009 മെയ് 29)ജമാഅത്തെ ഇസ്‌ലാമിയെ സംബന്ധിച്ചേടത്തോളം പ്രസക്തമാകുന്നത് മേൽപറഞ്ഞ തലത്തിൽതന്നെയാണ്. 'ശ്രദ്ധിച്ചു കേൾക്കുക, നല്ലത് ഉൾക്കൊള്ളുക' (*അസ്സുമർ* 18) എന്നതുതന്നെയാണ് വിമർശനങ്ങളോടുള്ള ജമാഅത്ത് സമീപനം. എല്ലാവരും വിമർശനം അവസാനിപ്പിച്ചാൽ 'വിമർശകരെ ആവശ്യമുണ്ട്' എന്നു പരസ്യം കൊടുക്കേണ്ടിവരുന്ന പരുവമുള്ള ഒരു പ്രസ്ഥാനമാണിത്. ജമാഅത്തെ ഇസ്‌ലാമിയുടെ ഏറ്റവും നല്ല വിമർശകർ ജമാഅത്തെ ഇസ്‌ലാമി തന്നെയാണ്. സംഘടനയുടെ നയസമീപനങ്ങളെക്കുറിച്ച് അതിന്റെ അകത്ത് നടക്കുന്ന നിരൂപണങ്ങളേക്കാൾ എത്രയോ ദുർബലമാണ് പലപ്പോഴും പുറത്തുനിന്നുയരാറുള്ള വിമർശനങ്ങൾ. എങ്കിലും പുറത്തുനിന്നുള്ള കാഴ്ചകൾക്ക് അകത്തുനിന്നുള്ള കാഴ്ചകളേക്കാൾ സവിശേഷമായ ഒരു മൂല്യമുണ്ട്.

കേരളത്തിലെ സാംസ്കാരിക വ്യവഹാരങ്ങളിൽ പ്രധാനമായ ഒന്നാണ് ജമാഅത്ത് വിമർശം. ഇവയിൽ പലതിന്റേയും ആഴമേറിയ ദൗർബല്യങ്ങൾ ജമാഅത്തെ ഇസ്‌ലാമിക്ക് പുറത്തുനിന്നുപോലും ചൂണ്ടിക്കാട്ടപ്പെട്ടിട്ടുണ്ട്. ഹമീദ് ചേന്ദമംഗല്ലൂരും എം.എൻ കാരശ്ശേരിയും എപ്രകാരമാണ് ഇവിടത്തെ സവർണ പൊതുബോധത്തെ പരിപോഷിപ്പിക്കുന്നത് എന്നത് ഏറെ വെളിപ്പെടുത്തപ്പെട്ട വിഷയമാണ്. പലരും വിമർശനത്തിന്റെ നാട്ടക്കുറിയായി എടുക്കുന്നത് ജമാഅത്തിനെയാണെങ്കിലും അവരുടെ യഥാർഥ ഉന്നം ഇസ്‌ലാമോ അല്ലെങ്കിൽ ഇസ്‌ലാമിന്റെ സാമൂഹിക രാഷ്ട്രീയ

ക്രമമോ ആയിരിക്കും. വിമർശനങ്ങളോടുള്ള സംവാദാത്മക സമീപനമെന്നാൽ സഹിഷ്ണുതയോടെ കേൾക്കലും സാധ്യമായവയെ സ്വാംശീകരിക്കലും മാത്രമല്ല, തെറ്റായ ധാരണകളെ തിരുത്തൽ കൂടിയാണ്.

എ.പി കുഞ്ഞാമുവിന്റെ വിശകലനത്തിന്റെ അടിസ്ഥാന ദൗർബല്യം അത് പൊതുജനത്തെ ദിവ്യപദവിയിലേക്കുയർത്തുന്നു എന്നതാണ്. പൊതുജനം കഴുതയാണെന്നത് ഒരു പഴയ അന്ധവിശ്വാസമാണെന്നും ബഹുജനത്തിന്റെ ഡൈനാമിസം ഏറ്റവും കൂടുതൽ പ്രകടമായ ചരിത്രസന്ധിയാണിതെന്നതും ശരിയാണ്. ഏകധ്രുവ ലോകത്തിലെ പ്രതിശക്തി പ്രതികരിക്കുന്ന ബഹുജന സമൂഹമാണെന്ന് പറയാറുണ്ട്. സിവിൽ സൊസൈറ്റി ഏറ്റവും ചലനാത്മകമായ ഒരു സാമൂഹിക സന്ദർഭമാണിത്. എന്നാൽ ഇതിന്റെ അർഥം, ജനഭൂരിപക്ഷത്തിന്റെ എല്ലാ വിധിയും ശരിയായ സമീപനത്തിന്റെ ചൂണ്ടുപലകയാണെന്നല്ല. പൊതുജനത്തിന്റെ ജൈവശക്തി അംഗീകരിച്ചുകൊണ്ടു തന്നെ അതിന്റെ പരിമിതികളെ ഗ്രഹിക്കാനും ഒരു സമൂഹനിരീക്ഷകന് ബാധ്യതയുണ്ട്. പൊതുജനം എന്ന സാമൂഹികശക്തി പലപ്പോഴും രണ്ട് തടവറകളിൽ പെട്ടുപോകാൻ ഇടയുണ്ട്.

1. പൊതുബോധത്തിൽ എത്രയോ കാലമായി ഒരുപാടു കാരണങ്ങളാൽ ചില തെറ്റായ ധാരണകൾ കുടികൊള്ളുന്നുണ്ടാകും. നമ്മുടെ പൊതുബോധത്തിനകത്തെ ഇസ്‌ലാംപേടിയും മുസ്‌ലിം വിരുദ്ധതയും ഇതിന്റെ മികച്ച ഉദാഹരണമാണ്.

2. മാധ്യമങ്ങൾ സ്വാധീനിക്കുന്നതും സൃഷ്ടിക്കുന്നതുമാണ് പലപ്പോഴും പൊതുജന വികാരമെന്നതും ബോധമെന്നതും.

ഇങ്ങനെ പാരമ്പര്യപരവും പരിഷ്കൃതവുമായ പരിമിതികൾ ഉള്ളതാണ് പൊതുജനം എന്ന സാധ്യത എന്നുമാത്രം ചൂണ്ടിക്കാട്ടുകയാണ്.

ജമാഅത്തെ ഇസ്‌ലാമിയുടെ തെരഞ്ഞെടുപ്പ് നയം രൂപപ്പെടുന്നത് പുതിയ പാർലമെന്റിനെക്കുറിച്ചുള്ള അതിന്റെ സ്വപ്നത്തിൽ നിന്നാണ്. അത് ലേഖകൻ തന്നെ ചൂണ്ടിക്കാട്ടുന്നതുപോലെ ഇടതുപക്ഷത്തിനു സ്വാധീനമുള്ള ഒരു മതേതര സർക്കാർ അല്ലെങ്കിൽ യു.പി.എ സർക്കാർ എന്നതായിരുന്നു. അത് സഫലമാകാതെ പോയി എന്നത് ജമാഅത്തിന്റെ നയപരമായ പരാജയമല്ല.

**ഇസ്‌ലാമിക പ്രസ്ഥാനം അതിന്റെ തുടക്കത്തിൽ ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ മൗലിക അടിത്തറകൾ പറയാനും പഠിപ്പിക്കാനുമാണ് ശ്രമിച്ചത്. അതിന്റെ തന്നെ ചരിത്രത്തിന്റെ രണ്ടാംഘട്ടത്തിൽ പ്രസ്തുത രാഷ്ട്രീയത്തിന്റെ കൂടുതൽ സർഗാത്മകമായ വിശദാംശങ്ങളും ആവിഷ്കാരങ്ങളും പ്രകാശിപ്പിക്കാൻ ശ്രമിക്കുന്നു.**

അതിൽ പൊതുജനത്തിന്റെ പരിമിതികളും ഇടതുപക്ഷത്തിന്റെ പരാധീനതകളും പങ്കുവഹിച്ചിട്ടുണ്ട്. പിറക്കാനിരുന്ന പാർലമെന്റിനെയും ഗവൺമെന്റിനെയും കുറിച്ച അതിന്റെ സങ്കൽപത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പരാധീനതകൾ ഉണ്ടായിരുന്നെങ്കിലും കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ ജമാഅത്തിന് ഇടതുപക്ഷത്തെ മാറ്റിനിർത്താൻ കഴിയുമായിരുന്നില്ല. തെരഞ്ഞെടുപ്പ് വിധിക്കുശേഷവും ജമാഅത്തിന്റെ തീരുമാനം ശരിയായിരുന്നു എന്നുതന്നെയാണ് അത് വിലയിരുത്തുന്നത്. ഇടതുപക്ഷ സമ്മർദമില്ലാത്ത ഗവൺമെന്റ് അതുള്ള ഗവൺമെന്റിനേക്കാൾ ഗുണപരമല്ല എന്നുതന്നെയാണ് ജമാഅത്ത് മനസ്സിലാക്കുന്നത്.

ഇത് തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചപ്പോൾ ആകസ്മികമായി രൂപപ്പെട്ട നയസമീപനമല്ല. മൻമോഹനിക്കണോമിക്സിന്റെ വിപണി മൗലികവാദ തീവ്രവാദ നയങ്ങൾക്കെതിരെയും സാമ്രാജ്യത്വാനുകൂല വിദേശനയത്തിനെതിരെയും ജമാഅത്തും അതിന്റെ പോഷകസംഘടനകളും മാധ്യമങ്ങളും ദേശീയതലത്തിലും പ്രാദേശികതലത്തിലും സ്വീകരിച്ചുപോന്ന നയത്തിന്റെ സ്വാഭാവിക തുടർച്ചയായിരുന്നു അത്.

എന്നാൽ ഇതിനെക്കുറിച്ച് 'ഇത്തവണ ജമാഅത്ത് അവർക്ക് മാത്രമറിയാവുന്ന കാരണങ്ങളാൽ ഇടതുപക്ഷത്തെയാണ് പിന്തുണച്ചത്' എന്ന പരാമർശം ദുരുപദിഷ്ടമാണ്. ജമാഅത്തെ ഇസ്‌ലാമി കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മറ്റൊരു മുൻഗണനയും ഊന്നലുമായിരുന്നു സ്വീകരിക്കേണ്ടത് എന്ന അഭിപ്രായം ന്യായമായ ഒരു മറുവാദം എന്നനിലക്ക് സ്വാഗതാർഹമാണ്. എന്നാൽ ന്യായവും സുതാര്യവും സത്യസന്ധവുമായ മുൻഗണനയിൽ ഇപ്പോൾ എടുത്ത തീരുമാനത്തിനുപിന്നിൽ കുടിലതാൽപര്യങ്ങളുണ്ടായിരുന്നു എന്നു ധ്വനിപ്പിക്കുന്നത് ശരിയല്ല എന്നു മാത്രം മിതമായി പറഞ്ഞുകൊള്ളട്ടെ.

ആണവകരാറും സാമ്രാജ്യത്വാനുകൂല വിദേശനയവും വന്യമായ ഉദാരവൽക്കരണവും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ മുഖ്യവിഷയമായി കാണണോ അതോ എസ്.എൻ.സി ലാവലിനും അലീഗഢ് മുസ്‌ലിം കാമ്പസും ബംഗാളിലെ മുസ്‌ലിം പിന്നാക്കാവസ്ഥയും പരിഗണിക്കണോ എന്നത് മുൻഗണനയുടെ പ്രശ്നമാണ്. ഒരു ലോക്സഭാ തെരഞ്ഞെടുപ്പെന്ന നിലയിൽ ജമാഅത്ത് ആദ്യം പറഞ്ഞതിനെ പരിഗണിക്കുകയും രണ്ടാമത് പറഞ്ഞവയെ മാറ്റിവെക്കുകയുമായിരുന്നു.

ലാവലിൻ, അലീഗഢ് കാമ്പസ് വിഷയങ്ങളിൽ ഇടപെട്ട പ്രസ്ഥാനം തെരഞ്ഞെടുപ്പിൽ മറ്റൊരു നിലപാട് സ്വീകരിച്ചു. അത് നിലപാടിലെ വൈരുധ്യമാണെന്ന് ലേഖകൻ പറയുന്നു. ലാവലിൻ, അലീഗഢ് വിഷയങ്ങളിൽ ഇടപെട്ട പ്രസ്ഥാനം എന്ന അടയാളപ്പെടുത്തൽ തന്നെ ഭാഗികസത്യം മാത്രമാണ്. ഇതേപോലെ കഴിഞ്ഞ യു.പി.എ ഗവൺമെന്റിന്റെ പല നയങ്ങൾക്കുമെതിരെ പൊരുതിയ പ്രസ്ഥാനം കൂടിയാണിത്.

"ചുരുങ്ങിയ കാലംകൊണ്ട് സോളിഡാരിറ്റി മുഖ്യധാരാ ഇടതുപക്ഷം അറച്ചുനിന്ന പല വിഷയങ്ങളിലും ഇടപെടുകയും പൊതുസമൂഹത്തിന്റെ വിശ്വാസ്യതയാർജിക്കാൻ ശ്രമിക്കുകയും ചെയ്തു. പരിസ്ഥിതി വികസനം, മനുഷ്യാവകാശങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ കേരളത്തിൽ സജീവമായി ഇടപെടാൻ അവർ ശ്രമിച്ചു. ഒരു നവ സാമൂഹികപ്രസ്ഥാനത്തിന്റെ ദൗത്യമാണ് സോളിഡാരിറ്റി നിറവേറ്റിയത്.'' കേരളത്തിലെ മുഴുവൻ സിവിൽ സമൂഹങ്ങളെയും സോളിഡാരിറ്റി പിന്തുണച്ചുപോന്നു എന്ന് ലേഖകൻ അനുസ്മരിക്കുന്നു. എന്നാൽ തെരഞ്ഞെടുപ്പ് നിലപാടിലൂടെ സംഘടനയെന്ന നിലയിൽതന്നെ തങ്ങളുടെ സമരത്തെ ഉപേക്ഷിക്കുകയും തങ്ങൾ ആർക്കെതി

രെയാണോ സമരം നടത്തിയത് അതേ ഇടതുപക്ഷത്തെ പിന്തുണക്കുകയും ചെയ്തു. മൂലമ്പിള്ളിയിലെ കുടിയിറക്കപ്പെട്ടവരുടെ പ്രതിനിധിയായി മേൽപ്രാൻസിസും മൂരിയാട്ടെ വിത്തുസമരത്തിന്റെ പ്രതീകമായി കുഞ്ഞൻ പുലയനും രംഗത്തുണ്ടായിരുന്നു. എന്നാൽ അവരെ നിരാകരിച്ച് ഇടതുമുന്നണിക്ക് വോട്ട് ചെയ്തതിലൂടെ സോളിഡാരിറ്റിക്ക് തങ്ങളുടെ നവസാമൂഹിക പ്രസ്ഥാനമെന്ന ഐഡന്റിറ്റി കളഞ്ഞുകുളിക്കേണ്ടി വന്നു. ചെങ്ങറയിൽ സമരം നടത്തുന്ന സാധുജനസമാജം ളാഹാഗോപാലന്റെ നേതൃത്വത്തിൽ യു.ഡി.എഫിനാണ് വോട്ടുചെയ്തത്, സോളിഡാരിറ്റി ഇടതുപക്ഷത്തിനും എന്നദ്ദേഹം എഴുതുന്നുണ്ട്.

സോളിഡാരിറ്റി ഒരു നവസാമൂഹിക പ്രസ്ഥാനമോ അതിന്റെ അജണ്ടയിലേക്ക് സ്വയം ക്രമീകരിച്ച പ്രസ്ഥാനമോ അല്ല. അതൊരിക്കലും അത്തരത്തിൽ അതിനെ സ്വയം പരിചയപ്പെടുത്തിയിട്ടില്ല. നവ സാമൂഹിക പ്രസ്ഥാനങ്ങൾ തെരഞ്ഞെടുപ്പിലും കക്ഷിരാഷ്ട്രീയ വ്യവഹാരത്തിലും ഇടപെടാതിരുന്നപോയ കാലത്തും സോളിഡാരിറ്റിയും അതിന്റെ മാതൃസംഘടനയും ഈ കാര്യത്തിൽ ഇടപെട്ടിട്ടുണ്ട്. ഒരു സമരത്തെ പിന്തുണക്കുന്നു എന്നതിന്റെ അർഥം ആ സമരത്തിന്റെ മുൻകൈ വിഭാഗത്തിന്റെ മുഴുവൻ നിലപാടുകളും അംഗീകരിക്കുന്നു എന്നല്ല. ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ നയങ്ങൾ നവ സാമൂഹിക പ്രസ്ഥാനങ്ങൾക്കനുസൃതമായാണ് രൂപീകരിക്കപ്പെടേണ്ടത് എന്ന് അതൊരിക്കലും തീരുമാനിച്ചിട്ടില്ല. അങ്ങനെ തീരുമാനിക്കാതിരുന്നു എന്നത് നവസാമൂഹിക പ്രസ്ഥാനങ്ങളെ വഞ്ചിക്കലല്ല.

നവ സാമൂഹിക പ്രസ്ഥാനം എന്ന മുദ്രതന്നെ പ്രത്യശാസ്ത്രപരമായ ധ്വനിയുള്ളതാണ്. വ്യാവസായികാനന്തര ലോകത്തെ സവിശേഷമായ ഒരു രാഷ്ട്രീയ പ്രതിഭാസത്തെയാണ് ഈ സംവർഗം പ്രതിനിധീകരിക്കുന്നത്. സോളിഡാരിറ്റിയുടെ പ്രത്യയശാസ്ത്രപരമായ ഉറവിടം മറ്റൊന്നാണ്. ഇസ്‌ലാമിന്റെ സാമൂഹിക രാഷ്ട്രീയ കാഴ്ചപ്പാടുകളുടെ സമകാലിക പ്രതിനിധാനമായാണ് സോളിഡാരിറ്റി അതിനെ സ്വയം മനസ്സിലാക്കുന്നത്. ഇസ്‌ലാമും നവസാമൂഹികപ്രസ്ഥാനങ്ങളും തമ്മിൽ സമാനതകൾ മാത്രമല്ല അടിസ്ഥാനത്തിലും വിശദാംശത്തിലും പൊരുത്തക്കേടുകളും ധാരാളം കാണാൻ കഴിയും. അടിസ്ഥാനത്തിലും വിശദാംശത്തിലും ഇത്തരം വിയോജിപ്പുകൾ നില

**നവ സാമൂഹികപ്രസ്ഥാനം, വിമോചന ദൈവശാസ്ത്രം മുതലായ നിലവിലുള്ള നാഗരിക ആശയമണ്ഡലത്തിന്റെ വിശകലന ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് വായിക്കാനും വിശകലനം ചെയ്യാനും കഴിയാത്ത മറ്റൊരു മൂല്യമണ്ഡലത്തിലാണ് ജമാഅത്തെ ഇസ്‌ലാമിയും സോളിഡാരിറ്റിയും നിലയുറപ്പിക്കുന്നത്. ഇത് മനസ്സിലാക്കാതെയുള്ള വിശകലനങ്ങൾ അംഗവൈകല്യങ്ങൾ നിറഞ്ഞതായിരിക്കും.**

നിർത്തിക്കൊണ്ട് തന്നെയാണ് നവസാമൂഹികപ്രസ്ഥാനങ്ങളുടെ സമകാലിക പ്രസക്തിയും സമരമൂല്യവും അതംഗീകരിച്ചുപോന്നത്. സോളിഡാരിറ്റി നവസാമൂഹിക പ്രസ്ഥാനമാണെന്ന പ്രസ്താവന പഴയകഥയിലെ കണ്ണില്ലാതെ പോയവരുടെ ആനക്കാഴ്ചയെ മാത്രമാണ് അനുസ്മരിപ്പിക്കുന്നത്.

നവസാമൂഹിക പ്രസ്ഥാനങ്ങളെ ഏകശിലാത്മകമായി അവതരിപ്പിക്കാനാണ് ലേഖകൻ ശ്രമിക്കുന്നത്. അതുകൊണ്ടാണ് ഇടതുപക്ഷത്തെ പിന്തുണച്ചതിലൂടെ സോളിഡാരിറ്റി നവസാമൂഹികപ്രസ്ഥാനങ്ങളെ വഞ്ചിച്ചു എന്ന പ്രസ്താവന നടത്താൻ സാധിക്കുന്നത്. മൂലമ്പിള്ളി, മൂരിയാട് സമരസമിതികൾ അവരുടെ മണ്ഡലങ്ങളിൽ സ്ഥാനാർഥികളെ മത്സരിപ്പിച്ചു. എന്നാൽ പ്ലാച്ചിമട സമരസമിതിയോ വെളിച്ചിക്കാല സമരക്കാരോ കേരളത്തിലെ മറ്റൊരുപാട് പരിസ്ഥിതി ഗ്രൂപ്പുകളോ തെരഞ്ഞെടുപ്പിൽ നിലപാട് സ്വീകരിച്ചിട്ടില്ല. തിരുവനന്തപുരത്തെ യു.ഡി.എഫ് സ്ഥാനാർഥിക്കെതിരെ എൽ.ഡി.എഫ് സ്ഥാനാർഥിക്കനുകൂലമായി ആദ്യം രംഗത്തുവന്നത് സോളിഡാരിറ്റിയല്ല. പ്ലാച്ചിമട ഐക്യദാർഢ്യസമിതിയാണ്. തിരുവനന്തപുരത്ത് സോളിഡാരിറ്റി സംഘടിപ്പിച്ച തെരഞ്ഞെടുപ്പ് പ്രചരണോദ്ഘാടന പരിപാടിയിൽ ഇടതുപക്ഷസഹയാത്രികർക്കൊപ്പം മൂലമ്പിള്ളി സമരസമിതിയുടെ തെരഞ്ഞെടുപ്പ് പ്രവർത്തനത്തിൽ നേതൃപരമായ പങ്കുവഹിച്ച സി.ആർ നീലകണ്ഠനും പങ്കെടുത്തിരുന്നു. കേരളചരിത്രത്തിലെ ഏറ്റവും വ്യാപ്തിയുള്ള ജനകീയ സമരത്തിന് നേതൃത്വം നൽകിയ സ്വതന്ത്ര മൽസ്യത്തൊഴിലാളി ഫെഡറേഷൻ തിരുവനന്തപുരത്ത് സോളിഡാരിറ്റിയോടൊപ്പം ഇടതുപക്ഷത്തിനുവേണ്ടി സജീവമായി രംഗത്തുവന്ന ജനകീയ സമരപ്രസ്ഥാനമാണ്. തീരദേശ മേഖലയിൽ ശശിതരൂരിനെതിരെ സോളിഡാരിറ്റി നടത്തിയ വാഹനപ്രചാരണ ജാഥയിൽ സ്വതന്ത്ര മൽസ്യത്തൊഴിലാളി ഫെഡറേഷൻ വളരെ സജീവമായി പങ്കുവഹിക്കുകയുണ്ടായി. സമകാലിക ചരിത്രത്തിൽ കേരളത്തിൽ നിന്ന് ലോകശ്രദ്ധ പിടിച്ചുപറ്റിയ ജനകീയ സമരമായ പ്ലാച്ചിമട സമരത്തിന്റെ മുൻകൈ സംഘടനയും സോളിഡാരിറ്റിയും ഏറെ ഒരുമിച്ചാണ് തിരുവനന്തപുരത്ത് പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയത്. തിരുവനന്തപുരത്തെങ്കിലും ജനവിധി ഇടതുപക്ഷത്തിനും ജമാഅത്തെ ഇസ്‌ലാമിക്കുമെതിരായത് മാത്രമായിരുന്നില്ല, എ.പി കുഞ്ഞാമു കൂടി പിന്തുണക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന നവസാമൂഹിക പ്രസ്ഥാനങ്ങൾക്കെതിരായത് കൂടിയായിരുന്നു.

എന്നാൽ ചെങ്ങറ സമരത്തിന് നേതൃത്വം നൽകുന്ന ളാഹാഗോപാലന്റെ സാധുജന പരിപാലന സംയുക്തവേദി, മൂലമ്പിള്ളിയിലും മൂരിയാട് സമരസമിതികൾ സ്ഥാനാർഥികളെ നിർത്തിയ എറണാകുളത്തും തൃശൂരും നവസാമൂഹിക പ്രസ്ഥാനങ്ങൾ പൊതുവിൽ എൽ.ഡി.എഫ് സ്ഥാനാർഥിയെ പിന്തുണച്ച തിരുവനന്തപുരത്തും യു.ഡി.എഫിനെ പിന്തുണക്കുകയായിരുന്നു. ഇത്തരം വൈരുധ്യങ്ങളും വൈവിധ്യങ്ങളുമൊന്നും ഈ വേദികളുമായുള്ള സഹകരണത്തിനോ ഇവക്കിടയിലെ സഹകരണത്തിനോ തടസ്സമല്ലെന്നതാണ് ഇവക്കിടയിലെ ബന്ധത്തിന്റെ രാഷ്ട്രീയം. പഴയ രാഷ്ട്രീയ പാർട്ടികളെപ്പോലെ ഒരുമിച്ചുനിൽക്കുന്നവരെല്ലാം ഒരേ കക്ഷിരാഷ്ട്രീയ നിലപാടുകൾ സ്വീകരിക്കുക എന്നതല്ല പുതിയ നവസാമൂഹിക പ്രസ്ഥാന രാഷ്ട്രീയത്തിന്റെ സ്വഭാവം.

“മറ്റൊരു വൈരുധ്യവും ജമാഅത്തിന്റെ നയങ്ങളിലുണ്ട്. ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ കൃത്യമായ അജണ്ട എക്കാലത്തും ജമാഅത്തിന്നുണ്ട്. പുതിയൊരു രാഷ്ട്രീയ പാർട്ടിയുണ്ടാക്കാനുള്ള അവരുടെ ശ്രമത്തിനു പിന്നിലുള്ളത് ഈ അജണ്ടയാണ്. ഇസ്‌ലാമിന്റെ വിമോചന മൂല്യ

ങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് പൊതുസമൂഹത്തിൽ നിലയുറപ്പിക്കാനാണ് ജമാഅത്തെ ഇസ്‌ലാമി ആഗ്രഹിക്കുന്നത്. മനുഷ്യാവകാശങ്ങൾ, പരിസ്ഥിതി, സാമ്രാജ്യത്വവിരോധം, മർദിതരോടുള്ള ഐക്യദാർഢ്യം തുടങ്ങിയ വിഷയങ്ങളിൽ സംഘടന കൈക്കൊള്ളുന്ന നിലപാടുകൾ ശ്രദ്ധിക്കുക. ഇസ്‌ലാമിന് ഇങ്ങനെയൊരു പ്രത്യയശാസ്ത്രമുഖം നൽകുമ്പോൾ മാത്രമേ ആധുനിക ലോകത്തിന്നു മുമ്പാകെ പിടിച്ചുനിൽക്കാനാവൂ എന്ന് സംഘടന വിശ്വസിക്കുന്നു" എന്ന് ലേഖകൻ നിരീക്ഷിക്കുന്നുണ്ട്.

ഇസ്‌ലാമിക രാഷ്ട്രീയവും ഇസ്‌ലാമിന്റെ വിമോചന മൂല്യങ്ങളിൽ ഊന്നൽ നൽകിക്കൊണ്ടുമുള്ള സാമൂഹിക ഇടപെടലും തമ്മിൽ എന്തോ വമ്പിച്ച വ്യത്യാസമുണ്ടെന്ന ആശയക്കുഴപ്പത്തിൽ ലേഖകൻ അകപ്പെടുകയാണ്. ഇസ്‌ലാം ഒരു ജ്വല ഏകദൈവ പ്രസ്ഥാനമായിരിക്കെത്തന്നെ ഏറ്റവും ബഹുസ്വരമായ രാഷ്ട്രക്രമത്തെ ചരിത്രത്തിന് സൃഷ്ടിച്ചു നൽകിയ പ്രസ്ഥാനം കൂടിയാണ്. ആഴത്തിൽ വേരും ആകാശത്തിൽ പടർന്ന ശിഖരവുമുള്ള മനുഷ്യാവകാശ പ്രസ്ഥാനമാണിസ്‌ലാം. ഇസ്‌ലാമിക പ്രസ്ഥാനം അതിന്റെ തുടക്കത്തിൽ ഇസ്‌ലാമിക രാഷ്ട്രീയത്തിന്റെ മൗലിക അടിത്തറകൾ പറയാനും പഠിപ്പിക്കാനുമാണ് ശ്രമിച്ചത്. അതിന്റെ തന്നെ ചരിത്രത്തിന്റെ രണ്ടാംഘട്ടത്തിൽ പ്രസ്തുത രാഷ്ട്രീയത്തിന്റെ കൂടുതൽ സർഗാത്മകമായ വിശദാംശങ്ങളും ആവിഷ്കാരങ്ങളും പ്രകാശിപ്പിക്കാൻ ശ്രമിക്കുന്നു. ആദ്യഘട്ടത്തിൽ മതേതര ദേശീയ ജനാധിപത്യം പോലുള്ള മറ്റു സാമൂഹിക രാഷ്ട്രീയ വ്യവസ്ഥകളുമായുള്ള അതിന്റെ വൈജാത്യമാണ് ഊന്നിപ്പറഞ്ഞതെങ്കിൽ രണ്ടാം ഘട്ടത്തിൽ ആ വൈജാത്യങ്ങളെ നിലനിർത്തിക്കൊണ്ടുതന്നെ സാജാത്യങ്ങളെയും ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്നു എന്നതിനെ പിന്തുടരാൻ കഴിയാതെ പോയതായിരിക്കും ഈ ആശയക്കുഴപ്പത്തിനു കാരണം.

സോളിഡാരിറ്റി ക്രൈസ്തവ വിമോചന ദൈവശാസ്ത്രത്തിന്റെ ഇസ്‌ലാമിക മാതൃകയാവാനാണ് ശ്രമിക്കുന്നത് എന്ന് ലേഖകൻ നിരീക്ഷിക്കുന്നുണ്ട്. ക്രിസ്തുമതം ബഹുദൈവത്വവൽക്കരിക്കപ്പെടുകയും പൗരോഹിത്യവൽക്കരിക്കപ്പെടുകയും ചെയ്തതിന്റെ ഫലമായി അതിന്റെ വിമോചനരാഷ്ട്രീയ ഉള്ളടക്കങ്ങൾ ചോർന്നു പോവുകയും അത് മർദക സാമൂഹിക സ്ഥാപനങ്ങളുടെ കൈയിലെ കഠാരയായി മാറുകയും ചെയ്യുകയായിരുന്നു. കമ്യൂണിസം മനുഷ്യരുടെ വിമോചനസ്വപ്നങ്ങളെ വസന്തോത്സവമായി വിരിയിച്ച കാലത്ത് ക്രൈസ്തവ ദൈവശാസ്ത്രകാരന്മാരിൽ ഒരു വിഭാഗം മാർക്സിസത്തെ പിന്തുണക്കുന്ന ഒരു ക്രൈസ്തവധാരയെ രൂപപ്പെടുത്തുകയായിരുന്നു. ബഹുദൈവത്വവൽക്കരണത്തിലൂടെ വിമോചന ഉള്ളടക്കം നഷ്ടപ്പെട്ട ക്രൈസ്തവതയെ രാഷ്ട്രീയവൽക്കരിക്കാനും അതിനെ വിമോചനത്തിന്റെ ഉപകരണമാക്കാനും നടത്തിയ, കൃത്രിമവും ദൈവനിഷേധത്തിലും കേവല ഭൗതികതയിലും അധിഷ്ഠിതവുമായ, കമ്യൂണിസത്തോട് ചേർന്നും ചാരിയും നിന്നുകൊണ്ടുള്ള ശ്രമമായിരുന്നു വിമോചന ദൈവശാസ്ത്രം. ഇതും ഇസ്‌ലാമിന്റെ സ്വന്തം കാലിൽ നിന്നുകൊണ്ട് ജീവിതത്തെയും അതിനകത്തെ സംഘർഷങ്ങളെയും സമരങ്ങളെയും അഭിമുഖീകരിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനവും തമ്മിലെന്ത്?

നവ സാമൂഹികപ്രസ്ഥാനം, വിമോചന ദൈവശാസ്ത്രം മുതലായ നിലവിലുള്ള നാഗരിക ആശയമണ്ഡലത്തിന്റെ വിശകലന ഉപകരണങ്ങൾ ഉപയോഗിച്ചുകൊണ്ട് വായിക്കാനും വിശകലനം ചെയ്യാനും കഴിയാത്ത മറ്റൊരു മൂല്യമണ്ഡലത്തിലാണ് ജമാഅത്തെ ഇസ്‌ലാമിയും സോളിഡാരിറ്റിയും നിലയുറപ്പിക്കുന്നത്. ഇത് മനസ്സിലാക്കാതെയുള്ള വിശകലനങ്ങൾ അംഗവൈകല്യങ്ങൾ നിറഞ്ഞതായിരിക്കും. ഇതിന്റെ അർഥം നവസാമൂഹിക പ്രസ്ഥാനങ്ങളുമായും വിമോചന ദൈവശാസ്ത്രവുമായും ഇടതുപക്ഷരാഷ്ട്രീയവുമായും പോസ്റ്റ് ലെഫ്റ്റ് പൊളിറ്റിക്സുമായും വലതുരാഷ്ട്രീയവുമായും പരമ്പരാഗത മതസംഘടനകളുമായും അതിന് സാധർമ്യങ്ങളൊന്നുമില്ലെന്നല്ല. ■